## ഗ്രീൻ ഐ.ടി. സൊസൈറ്റി പ്രവർത്തനം തുടങ്ങി

**കോഴിക്കോട്:** ഗ്രീൻ ഐ.ടി. സൊസൈറ്റിയുടെ പ്രവർത്തനോദ്ഘാടനം എ. പ്രദീപ്കുമാർ എം.എൽ.എ. നിർവഹിച്ചു. സൊസൈറ്റി പ്രസിഡൻറ് എ. രാജഗോപാൽ അധ്യക്ഷത വഹിച്ചു. ഐ.ടി. രംഗത്തെ പ്രധാന വിഷയങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ഐ.ടി. മേഖലയിലെ സാമൂഹ്യപ്രതിബദ്ധതയുള്ളവർ രൂപം നൽകിയ കൂട്ടായ്മയാണ് ഗ്രീൻ ഐ.ടി. ചാരിറ്റബിൾ സൊസൈറ്റി. സെമിനാറിൽ ചെന്നൈയിലെ ഹിഡൽബർഗ് പ്രിൻറ് മീഡിയ അക്കാദമിയുടെ തലവൻ പ്രൊഫ. ഡോ. രാജേന്ദ്രകുമാർ അനയത്ത് സംസാരിച്ചു. എക്സിക്യൂട്ടീവ് അംഗം വി.ആർ. അജയചന്ദ്രൻ സ്വാഗതവും സെക്രട്ടറി കെ.ബി. അഭിലാഷ് നന്ദിയും പറഞ്ഞു.